## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 3161

13.03.2017 – ൽ
മറുപടിക്ക്

### നീലേശ്വരം മുൻസിപ്പാലിറ്റിക്ക് സ്വന്തമായി ഭൂമി

**ചോദ്യം**
**ശ്രീ. എം.രാജഗോപാലൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുൻസിപ്പാലിറ്റിക്ക് സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ സമീപ പ്രദേശത്തുള്ള കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള ഭൂമി അനുവദിച്ചു കൊണ്ട് മുൻസർക്കാരിന്റെ കാലത്ത് മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടും പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്ത കാർഷിക സർവ്വകലാശാല അധികൃതരുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ഉണ്ട്. |
| **ബി)** മന്ത്രിസഭാ യോഗതീരുമാനത്തിന്റെ ഭാഗമായുള്ള ഉത്തരവ് പാലിക്കാതിരിക്കാൻ കാർഷിക സർവ്വകലാശാലാ അധികൃതർക്ക് ഏതു നിയമത്തിന്റെ പിൻബലമാണുള്ളതെന്നും വ്യക്തമാക്കാമോ? | **ബി)** നാളികേര ഗവേഷണ രംഗത്ത് ആഗോള ശ്രദ്ധ നേടിയിട്ടുള്ള നീലേശ്വരം ഗവേഷണ കേന്ദ്രത്തിന് വിവിധ ഗവേഷണ പ്രവർത്തനങ്ങൾക്കും നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും ഭൂമി അത്യന്താപേക്ഷിതമാണെന്നതും കൃഷി യോഗ്യമായ ഭൂമി ഇതര ആവശ്യത്തിന് നഗരസഭയ്ക്ക് കൈമാറുന്നത് ഗവേഷണ കേന്ദ്രത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്നതിനാലും കാർഷിക സർവ്വകലാശാല നിയമം 1971 (1971 – ലെ 33– ാം നിയമം, വകുപ്പ് 16 (c)) പ്രകാരം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ ഭൂമിയുടെ ഭരണ നിയന്ത്രണാധികാരം സർവ്വകലാശാലയുടെ ഭരണസമിതിയിലും പൊതുസഭയിലും നിക്ഷിപ്തമായതിനാലും ഭൂമി കൈമാറ്റം ചെയ്യുന്നത് ടി സമിതികളുടെ അംഗീകാരം ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ ഭരണസമിതിയും പൊതുസഭയും കാർഷിക സർവ്വകലാശാലയുടെ പ്രസ്തുത ഭൂമി കൈമാറ്റത്തിന് അംഗീകാരം നൽകാൻ നിർവ്വാഹമില്ല എന്ന് തീരുമാനിച്ചതിനാലാണ് സർക്കാർ ഉത്തരവ് നടപ്പിലാക്കാനാകാതെ വന്നത്. |

സെക്ഷൻ ഓഫീസർ